3.	2013-14	പൊതുവിപണി	12800
		NSSF	565.14
		വിദേശ വായ്പ	392.01
		നബാർഡ്	501.25
4.	2014-15	പൊതു വിപണി	9400
		NSSF	31.85
		വിദേശ വായ്പ	479.41
		നബാർഡ്	234.35

(ബി) അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിൽനിന്ന് ഉണ്ടായ വരുമാനം കണക്കാക്കിയിട്ടില്ല.

(സി) സംസ്ഥാനത്ത് നിലവിൽ സാമ്പത്തിക പ്രതിസന്ധിയില്ല.

ഉപധനാഭ്യർത്ഥനവഴി ലഭിച്ച തുക

199 (539) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്റെ ഭാഗമായുള്ള ഉപധനാഭ്യർത്ഥന വഴി മാരോ വകുപ്പിനും ലഭിച്ച അധിക തുക എത്രയാണെന്നും അവ മാരോന്നിലും ഇപ്പോഴും ചെലവഴിച്ചിട്ടില്ലാത്തവ ഏതൊക്കെയാണെന്നും എത്ര തുക വീതം അവശേഷിക്കുന്നു എന്നും വിശദമാക്കാമോ ;

(ബി) ഉപധനാഭ്യർത്ഥനവഴി ലഭിച്ച തുകയിൽ ഒരു രൂപാപോലും ചെലവഴിക്കാൻ കഴിയാതിരുന്നവ ഏതെല്ലാം വകുപ്പുകളുടെ ഏതെല്ലാം നിർദ്ദേശങ്ങളാണ് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബഡ്ജറ്റിൽ തുക വകയിരുത്തുന്നത് ധനാഭ്യർത്ഥനയുടെ അടിസ്ഥാനത്തിലാണ്. അതിനാൽ 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്റെ ഭാഗമായുള്ള ഉപധനാഭ്യർത്ഥന മുഖേന ഓരോ വകുപ്പിനും ലഭിച്ച അധിക തുക എത്രയാണെന്നുള്ള കണക്ക് ലഭ്യമല്ല. (ഓരോ ധനാഭ്യർത്ഥനയിലും 2014-15-ലെ ഉപധനാഭ്യർത്ഥനവഴി അനുവദിച്ച അധിക തുക അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.) പ്രസ്തുത വിഹിതം 2015 മാർച്ച് 31-ന് മുൻപായി ചെലവഴിച്ചാൽ മതിയാകുന്നതാണ്. ആയതിനാൽ അവ ഓരോന്നിലും ഇപ്പോഴും ചെലവഴിച്ചിട്ടില്ലാത്തവ ഏതെക്കെയാണെന്നും എത്ര തുക വീതം അവശേഷിക്കുന്നുവെന്നുമുള്ള വിശദാംശങ്ങൾ ഇപ്പോൾ ലഭ്യമല്ല. *

(ബി) ഉപധനാഭ്യർത്ഥനമുഖേന വകയിരുത്തിയിരിക്കുന്ന വിഹിതം സാമ്പത്തിക വർഷാവസാനത്തിന് മുൻപായി ചെലവഴിച്ചാൽ മതിയാകുന്നതാണ്. ആയതിനാൽ ഉപധനാഭ്യർത്ഥനമുഖേന ലഭിച്ച തുകയിൽ ഒരു രൂപപോലും ചെലവാക്കുവാൻ കഴിയാതിരുന്ന വകുപ്പുകൾ/ നിർദ്ദേശങ്ങൾ ഏതെല്ലാമാണെന്ന വിവരം ഇപ്പോൾ ലഭ്യമല്ല.

ശമ്പള പരിഷ്കരണ കമ്മീഷൻ

200 (540) ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ശമ്പളപരിഷ്കരണ കമ്മീഷൻ മുൻപാകെ എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട് ;

(ബി) സെക്ഷൻ ഓഫീസർ, തഹസീൽദാർ എന്നീ തസ്തികകളിലുള്ളവരുടെ ശമ്പള അനോമലി സംബന്ധിച്ച അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) 26-11-2014 വരെ 2120 നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(ബി) ലഭിച്ചിട്ടുണ്ട്.